**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂൾ (NIOS)നൽകുന്ന സെക്കൻഡറി കോഴ്സുകൾ പാസ്സായ വിദ്യാർത്ഥികൾക്ക് സ്കോൾ കേരളയിൽ ഹയർസെക്കന്ററി പഠനത്തിന് പ്രവേശനം നൽകുന്നത് - ഇളവ് ബാധകമാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്

G.O.(Rt)No.3124/2018/GEDN തീയതി,തിരുവനന്തപുരം, 14/08/2018

---

പരാമർശം:- 1

12.05.2011 ലെ സാഉ (സാധാ)നം:1768/2011/പൊവിവ.

2 07.09.2011 ലെ സാഉ (സാധാ)നം:3856/2011/പൊവിവ.

3 21.12.2012 ലെ സാഉ (സാധാ)നം:6113/2012/പൊവിവ.

4 24.10.2013 ലെ സാഉ (സാധാ)നം:4465/2013/പൊവിവ.

5. 05.12.2014 ലെ സാഉ (സാധാ)നം:5485/2014/പൊവിവ.

6 06.11.2015 ലെ സാഉ (സാധാ)നം:5213/2015/പൊവിവ.

7 08.11.2016ലെ സാഉ (സാധാ)നം:3758/2016/പൊവിവ.

8 31.10.2017 ലെ.സാഉ (സാധാ)നം:.4085/17/പൊവിവ

9 08.02.2018 ലെ സ ഉ (സാധാ )നം. 628/2018/പൊവിവ.

10 22.05.2018 ലെ സ്കോൾ കേരള ഡയറക്ടറുടെഎ 4/2779/2016/സ്കോൾ കേരള നമ്പർ കത്ത്.

**ഉത്തരവ്**

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂൾ (NIOS) നൽകുന്ന സെക്കണ്ടറി/സീനിയർ സെക്കണ്ടറി സർട്ടിഫിക്കറ്റുകൾ അതത് സ്റ്റേറ്റ് ബോർഡുകളുടെ സെക്കണ്ടറി/സീനിയർ സെക്കണ്ടറി സർട്ടിഫിക്കറ്റുകൾക്ക് തുല്യമായി അംഗീകരിക്കണമെന്നാവശ്യപ്പെട്ടുള്ള NIOS ന്റെ ആവശ്യപ്രകാരം സംസ്ഥാന കരിക്കുലം കമ്മിറ്റി ചില നിബന്ധനകളോടെ NIOS സെക്കണ്ടറി/സീനിയർ സെക്കണ്ടറി സർട്ടിഫിക്കറ്റുകളുടെ തുല്യതയ്ക്ക് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 ഉത്തരവ്

പ്രകാരം സർക്കാർ അംഗീകാരം നൽകി ഉത്തരവായിരുന്നു. എന്നാൽ ഈ ഉത്തരവിലെ വ്യവസ്ഥകൾ പ്രതികൂലമായി ബാധിച്ച വിഭാഗത്തിൽപ്പെട്ടവർക്ക് ഇളവ് നൽകണമെന്ന കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ ഡയറക്ടറുടെ (ഇപ്പോഴത്തെ സ്കോൾ കേരള) അഭ്യർത്ഥന പരിഗണിച്ച് ,ടി വ്യവസ്ഥകൾക്ക് ഇളവ് നൽകി, NIOS-ന്റെ സെക്കണ്ടറി കോഴ്സുകൾക്ക് സ്കോളിൽ പ്ലസ് വൺ പ്രവേശനത്തിനായി അവലംബിച്ചു പോന്നിരുന്ന രജിസ്ട്രേഷൻ രീതി, 2011-12 അധ്യയനവർഷത്തിലും തുടരുന്നതിന് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്നുള്ള 2012-13 മുതൽ 2016-2017 അധ്യയനവർഷം വരെയും ,സ്കോൾ ഡയറക്ടറുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം അനുവദിച്ചിരുന്ന ഇളവ് ബാധകമാക്കി പരാമർശം (3) മുതൽ (7) വരെയുള്ള ഉത്തരവുകൾ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു .ടി ഇളവ് 2017-2 0 1 8 അധ്യയനവർഷം അനുവദിക്കുന്നതല്ലെന്നും എന്നാൽ മറ്റ് ബോർഡുകളിൽ നിന്നും ഹയർസെക്കണ്ടറി തല പരീക്ഷ വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് ഇക്വലൻസി കൊടുക്കാൻ സാധിക്കുന്നില്ല എന്ന വസ്തുത കണക്കിലെടുത്ത് ഹയർസെക്കണ്ടറി എഡ്യൂക്കേഷന് കീഴിലുള്ള എല്ലാ കോമ്പിനേഷനുകൾക്കും ബോധ്യമായ വിഷയങ്ങൾ പഠിക്കാനും പരീക്ഷ എഴുതാനും അവസരം ഒരുക്കാൻ പരാമർശം (8) പ്രകാരം സ്കോൾ കേരളയെ ചുമതലപ്പെടുത്തുകയുണ്ടായി.

എന്നാൽ ആജീവനാന്ത വിദ്യാഭ്യാസ സ്ഥാപനമായ സ്കോൾ-കേരള 13.01.2016 മുതൽ നിലവിൽ വന്നെങ്കിലും സ്കോളിന് നിലവിൽ വൈസ് ചെർമാൻ, എക്സിക്യൂട്ടിവ് ഡയറക്ടർ, സെക്രട്ടറി എന്നീ തസ്തികൾക്ക് മാത്രമേ സർക്കാർ അംഗീകാരം നൽകിയിട്ടുള്ളു എന്നും ഓപ്പൺ സ്കൂളിൽ താൽകാലിക വ്യവസ്ഥയിൽ നിയമിതരായവരുടെ സേവനം പ്രയോജനപ്പെടുത്തിയാണ് സ്കോളിന്റെ സംസ്ഥാന, റീജിയണൽ ജില്ലാ കേന്ദ്രങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നത് എന്നും പുതിയ കോഴ്സുകൾ ആരംഭിക്കാനും, പരീക്ഷ നടത്താനും സർട്ടിഫിക്കറ്റ് നൽകാനുമുള്ള ഭരണപരമായ സൗകര്യങ്ങളും മറ്റ് ഭൗതിക സാഹചര്യങ്ങളും ഇനിയും ആയിട്ടില്ല എന്നതിനാൽ 2017-18 അക്കാദമിക വർഷത്തിൽ പരാമർശം (8) ൽ സർക്കാർ നിർദ്ദേശിച്ച പകരം സംവിധാനം ഒരുക്കാൻ സാധിക്കുന്നില്ല എന്നും സ്കോൾ കേരള ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ,പരാമർശം (8) സർക്കാർ ഉത്തരവിലെ നിർദേശം കർശനമായി പാലിക്കണമെന്നും ഇനി ഒരു അവസരം കൂടി നൽകില്ലെന്നുള്ള നിബന്ധനയോടെ 2017-18 അധ്യയനവർഷത്തേക്കുകൂടി ഇളവ് അനുവദിച്ച് പരാമർശം (9)പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ 2017-18 വർഷത്തെ അതേ സാഹചര്യങ്ങൾ തന്നെയാണ് ഇപ്പോഴുമുള്ളതെന്നും പുതിയ കോഴ്സുകൾ ആരംഭിക്കാനും, പരീക്ഷ നടത്താനും സർട്ടിഫിക്കറ്റ് നൽകാനുമുള്ള ഭരണപരമായ സൗകര്യങ്ങളും മറ്റ് ഭൗതിക സാഹചര്യങ്ങളും ഇനിയും ആയിട്ടില്ല എന്നും 2018-19 അധ്യയനവർഷത്തിലും ഹയർ സെക്കണ്ടറി പ്രവേശനത്തിനായി NIOS-ന്റെ സെക്കണ്ടറി തലത്തിൽ വിജയിച്ച നിരവധി വിദ്യാർത്ഥികൾ സമീപിക്കുന്നുണ്ടെന്നും ആയതിനാൽ വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടെയും അഭ്യർത്ഥനമാനിച്ച് ടി ഉത്തരവിലെ നിർദ്ദേശപ്രകാരമുള്ള സംവിധാനം സ്കോൾ-കേരളയിൽ നടപ്പിലാക്കുന്നതുവരെ പരാമർശം ഒന്നിലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് പരാമർശം (2) പ്രകാരം അനുവദിച്ചിരുന്ന ഇളവ് തുടർന്നും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സ്കോൾ എക്സിക്യൂട്ടിവ് ഡയറക്ടർ പരാമർശം 10 പ്രകാരം ആവശ്യപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം 8ൽ ഉത്തരവായിട്ടുള്ള നിർദ്ദേശം കർശനമായി പാലിക്കണമെന്നും ഇനി ഒരു അവസരം കൂടി നൽകില്ലെന്ന വ്യവസ്ഥയിലും 2017 വരെ നല്കിവന്ന ഇളവ് 2018-19 അക്കാദമിക വർഷത്തിൽ കൂടി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A. SHAJAHAN
SECRETARY

പകർപ്പ്

1. ഡയറക്ടർ ,ഹയർ സെക്കണ്ടറി,തിരുവനന്തപുരം.
2. എക്സിക്യൂട്ടിവ് ,ഡയറക്ടർ,സ്കോൾ കേരള,തിരുവനന്തപുരം.
3. എക്സിക്യൂട്ടിവ് ഡയറക്ടർ,എസ്.സി.ഇ.ആർ.ടി,തിരുവനന്തപുരം.
4. Regional Director,NIOS,പനമ്പിള്ളി നഗർ,എറണാകുളം.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരള, തിരുവനന്തപുരം.
6. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
7. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ